# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T1710** **01-11-2019 ലെ മറുപടിയ്ക്ക്**

## മരടിലെ അനധികൃത ഫ്ളാറ്റുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. അൻവർ സാദത്ത്:** | **ശ്രീ. എ.സി. മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) സുപ്രീംകോടതി വിധിപ്രകാരം മരടിലെ അനധികൃത ഫ്ളാറ്റുകൾ പൊളിക്കുന്നതിനുള്ള കരാർ ഏത് കമ്പനിക്കാണ് നൽകിയതെന്ന് അറിയിക്കാമോ; | (എ) എഡിഫൈസ് എഞ്ചിനീയറിംഗ്, വിജയ് സ്റ്റീൽസ് എന്നീ കമ്പനികൾക്കാണ് നൽകിയിരിക്കുന്നത്. |
| (ബി) എപ്രകാരമാണ് പ്രസ്തുത കമ്പനിയെ തെരഞ്ഞെടുത്തത്; ഓരോ ഫ്ളാറ്റ് സമുച്ചയവും പൊളിക്കുന്നതിന് എന്ത് തുകയാണ് കമ്പനിക്ക് നൽകേണ്ടത്; | (ബി) 4 ഫ്ളാറ്റുകൾ പൊളിക്കുന്നതിന് വൈദഗ്ദ്ധ്യമുള്ള ഏജൻസിയിൽ നിന്നും ടെണ്ടറിനു മുന്നോടിയായുള്ള താൽപര്യപത്രം ക്ഷണിക്കുകയും താൽപര്യ പത്രം സമർപ്പിച്ച 15 ഏജൻസികളിൽ നിന്ന് വിദഗ്ധരായ 2 ഏജൻസികളെ 05.10.2019 – ൽ G.O.(Rt) No.2193/2019/LSGD, 09.10.2019 ലെ G.O.(Rt) No.2211/2019/LSGD നമ്പർ ഉത്തരവുകൾ പ്രകാരം രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റി തിരഞ്ഞെടുക്കുകയും ചെയ്തിട്ടുള്ളതാണ്. ഇവർക്കു നൽകേണ്ട തുക അനുബന്ധം 'A' ആയി ചേർത്തിരിക്കുന്നു. |
| (സി) ഫ്ളാറ്റ് പൊളിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ നിയോഗിച്ച സാങ്കേതിക സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ സമിതിയുടെ ശിപാർശ എന്തായിരുന്നു; | (സി) ഉണ്ട്. അനുബന്ധം 'B' ആയി ചേർത്തിരിക്കുന്നു. |
| (ഡി) ഫ്ളാറ്റ് സമുച്ചയം പൊളിക്കുമ്പോൾ പാരിസ്ഥിതിക പ്രശ്നങ്ങൾ | (ഡി) 2016 – ലെ കൺസ്ട്രക്ഷൻ ആന്റ് ഡിമോളിഷൻ വേസ്റ്റ് റൂൾസ്, പ്രകാരം ഒരു |

| | |
|---|---|
| ഉണ്ടാകാതിരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | പ്രോജക്ടിനുവേണ്ടി ഒരു ദിവസം 20 ടൺ അല്ലെങ്കിൽ ഒരു മാസം 300 ടൺ വേസ്റ്റ് ഉണ്ടാക്കുന്ന ഏതൊരാളും, ആ മാലിന്യങ്ങൾ കോൺക്രീറ്റ്, മണ്ണ്, സ്റ്റീൽ, തടി, പ്ലാസ്റ്റിക്ക്, ഇഷ്ടിക മോർട്ടാർ എന്നിവയായി തരം തിരിക്കേണ്ടതും ഇങ്ങനെ തരംതിരിച്ച മാലിന്യങ്ങൾ പൊളിക്കുന്ന സ്ഥലത്തോ അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരുക്കിയിട്ടുള്ള കളക്ഷൻ സെന്ററിലോ സൂക്ഷിക്കേണ്ടതും ആയത് പ്ലാനിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം നിർമ്മാർജ്ജനം ചെയ്യേണ്ടതുമാണ്. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട നിയമങ്ങൾ പാലിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ അടിയന്തിരമായി റിപ്പോർട്ട് ചെയ്യുവാൻ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ എറണാകുളം ജില്ലാ ഓഫീസിൽ നിന്നും മരട് മുൻസിപ്പാലിറ്റിയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ കൺസ്ട്രക്ഷൻ & ഡിമോളിഷൻ വേസ്റ്റ് സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ കൺസ്ട്രക്ഷൻ & ഡിമോളിഷൻ വേസ്റ്റ് പരിപാലന ചട്ടങ്ങൾ 29.03.2016- ൽ (Construction and Demolition Waste Management Rules, 2016) നിലവിൽ വന്നിട്ടുള്ളതും വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുണ്ട് എന്ന് മരട് മുനിസിപ്പാലിറ്റിയെ അറിയിച്ചിട്ടുള്ളതുമാണ്. ടി ചട്ടങ്ങളിൽ നഗരസഭ സ്വീകരിക്കേണ്ട ചുമതലകൾ ബോർഡ് അറിയിച്ചിട്ടുള്ളതാണ്. കൺസ്ട്രക്ഷൻ & ഡിമോളിഷൻ വേസ്റ്റ് റൂൾസ്, 2016-ൽ ചട്ടം 9 schedule 1 (1) എന്നിവ പ്രകാരം കൺസ്ട്രക്ഷൻ & ഡിമോളിഷൻ വേസ്റ്റ് സ്റ്റോറേജ് പ്രോസസ്സിംഗ് & റീ പ്രോസസ്സിംഗ് സൗകര്യങ്ങൾ എന്നിവയുള്ള |

| | | | |
|---|---|---|---|
| | | | സ്ഥലം ഏറ്റെടുക്കേണ്ടതാണ് എന്ന് ജില്ലാ കളക്ടറെ അറിയിച്ചിട്ടുണ്ട്. കൂടാതെ കൺസ്ട്രക്ഷൻ & ഡിമോളിഷൻ വേസ്റ്റ് മാനേജ്മെന്റുമായി ബന്ധപ്പെട്ട് ബോർഡ് തയ്യാറാക്കിയ വിശദമായ നോട്ട് തുടർ നടപടികൾക്കായി മരട് മുനിസിപ്പാലിറ്റിക്ക് നൽകിയിട്ടുണ്ട്. പരിസര മലിനീകരണവും, പുഴ മലിനീകരണവും തടയുന്നതിനു വേണ്ടിയുള്ള തീരുമാനങ്ങൾ എടുക്കുന്നതിനായി സംസ്ഥാന സർക്കാർ G.O.(Rt) No.2193/2019/LSGD dated 5.10.2019 & G.O.(Rt) No.2211/2019/LSGD dated 9.102019 പ്രകാരം രൂപീകരിച്ചിട്ടുള്ള ടെക്നിക്കൽ കമ്മിറ്റിയുടെ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി നിർദ്ദിഷ്ട കെട്ടിട സമുച്ചയങ്ങൾ പൊളിക്കുന്നതിനുള്ള ഏജൻസികളുമായി കരാർവെച്ചിട്ടുള്ളത്. പൊളിക്കുമ്പോഴു ണ്ടാകുന്ന പൊടിപടലങ്ങളുടെ സാന്ദ്രത കുറയ്ക്കുന്നതിനും ഇൻഷുറൻസ് പരിരക്ഷ സംബന്ധമായ കാര്യങ്ങൾ ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ഇ) | ഫ്ളാറ്റുകൾ പൊളിക്കുമ്പോഴുള്ള മാലിന്യങ്ങൾ നീക്കുന്നതിനായി ഏത് ഏജൻസിയെ ആണ് നിയോഗിച്ചിട്ടുള്ളത്; ഇവ എപ്രകാരം ഉപയോഗിക്കുവാനാണ് തീരുമാനി-ച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | (ഇ) | ഇതു സംബന്ധിച്ച് ഏജൻസിയെ തെരഞ്ഞെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - A

| ഫ്ളാറ്റിന്റെ പേര് | സ്ഥാപനത്തിന്റെ പേര് | ക്വാട്ട് ചെയ്ത തുക |
|---|---|---|
| ആൽഫാ വെൻചേഴ്സ് | വിജയ് സ്റ്റീൽസ് | 61,00,000/- രൂപ |
| ഹോളിഫെയ്ത്ത് | എഡിഫൈസ് എഞ്ചിനീയറിംഗ് | 64,02,240/- രൂപ |
| ഗോൾഡൻ കായലോരം | എഡിഫൈസ് എഞ്ചിനീയറിംഗ് | 21,02,760/- രൂപ |
| ജെയിൻ ഹൗസിംഗ് | എഡിഫൈസ് എഞ്ചിനീയറിംഗ് | 86,76,720/-രൂപ |

Section Officer

**അനുബന്ധം - B**

# Recommendations of the Technical Committee

* The agency which are found suitable to do the demolition work of 4 flats among the available options are – **Vijay steels and Edifice Engineering.** Both the agency had sure technology and experience which is needed to be used for completion of this project.

* The other agencies are found not meeting the requisite criteria including expertise and technologies for implementing the implosion Method, hence recommend to be disqualified.

* Since, there are four different flats which are to be demolished, it should be preferred that the work is awarded to multiple agencies rather than a single one, so as to ensure that there is no concern of work being stuck. This will also be helpful for the work to be finished within the short timeline provided.

* The method of controlled implosion would be used, hence necessary safety parameters have to be taken up by the awarded agency. The work is to be done with confirmation with the signing authority on points of safety and permissions needed.

* The implosion has to be done in a progressive manner so as to ensure that building collapses in one go and without any damage to the nearby structures.

* The committee also recommended that the Implosion design & action plan report which the agency would be submitting should be exhaustive and cover all the aspects of the demolition activity.

* Committee recommends to include simulation of the demolition activity as part of the action plan report to be submitted by the agency.

* It's to be ensured that the awarded company will taken the third party insurance to the neighbourhood for the area specified by the signing authority.

(signature)
Section Officer